**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1234** **10-08-2023 - ൽ മറുപടിയ്ക്ക്**

**മുതലപ്പൊഴിയിൽ അപ്രോച്ച് ചാനലിൽ അടിഞ്ഞുകൂടിയ കല്ലും മണലും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുതലപ്പൊഴിയിൽ അപ്രോച്ച് ചാനലിൽ അടിഞ്ഞുകൂടിയ കല്ലും മണലും നീക്കി ആഴം കൂട്ടുന്നതിനുള്ള കരാർ നൽകിയിട്ടുള്ളത് ഏത് കമ്പനിക്കാണ്; പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന് കല്ലുകൾ ബാർജ് ഉപയോഗിച്ച് കടൽ മാർഗ്ഗം കൊണ്ട് പോകുന്നതിനായി മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ തെക്കേ പുലിമുട്ട് പൊളിച്ച് ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിന്റെ ഭാഗമായി മെസ്സേഴ്സ് അദാനി പോർട്ടുമായി ഉണ്ടാക്കിയ ധാരണാപത്ര പ്രകാരം ഹാർബറിലെ അഴിമുഖത്തും ചാനലിലും ആഴം നിലനിർത്തേണ്ടത് മെസ്സേഴ്സ് അദാനി പോർട്ടിന്റെ ചുമതലയാണ് . എന്നാൽ നിരവധി തവണ മീറ്റിംഗുകൾ നടത്തുകയും, കത്തുകൾ നൽകുകയും ചെയ്തെങ്കിലും മെസ്സേഴ്സ് അദാനി ടി പ്രവൃത്തി പൂർണ്ണമായും ചെയ്യാതിരുന്ന സാഹചര്യത്തിൽ 2023 മൺസൂൺ കാലയളവിൽ അഴിമുഖത്ത് അപകട സാധ്യത മുന്നിൽ കണ്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 86 ലക്ഷം രൂപ ഭരണാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്തു. ഈ ടെണ്ടറിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ ദർഘാസുകാരൻ പ്രതികൂല കാലാവസ്ഥയിൽ മുതലപ്പൊഴിയിൽ ടി പ്രവൃത്തി ഏർപ്പാടാക്കുന്നതിന് കഴിയില്ലെന്ന് കാണിച്ച് ഹൈക്കോടതിയിൽ ഹർജ്ി ഫയൽ ചെയ്യുകയും സ്റ്റേ വാങ്ങുകയും ചെയ്തു. ആയതിനാൽ പ്രവ്ൃത്തി നടപ്പിലാക്കാൻ കഴിഞ്ഞില്ല . |
| (ബി) | പ്രസ്തുത മേഖലയിൽ അപകടങ്ങൾ തുടർക്കഥയാകുന്ന സാഹചര്യത്തിൽ ഈ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ബി) | മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ മെസ്സേഴ്സ് അദാനി പോർട്ടുമായി വിവിധ തീയതികളിലായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ലോംങ് ബൂം ക്രെയിൻ, ലോംങ് ബൂം എസ്കവേറ്റർ എന്നിവ ഉപയോഗിച്ച് ചിതറി കിടക്കുന്ന കല്ലുകൾ അഴിമുഖത്ത് നിന്നും മാറ്റുന്നതിനും കാലാവസ്ഥ അനുകൂലമാകുന്ന സമയത്ത് ഡ്രഡ്ജർ കൊണ്ട് വന്ന് അഴിമുഖവും, ചാനലും ഡ്രഡ്ജ് ചെയ്യുന്നതിനും ധാരണയായിട്ടുണ്ട്. 02-08-2023 തീയതി മുതൽ മുതലപ്പൊഴിയിൽ അഴിമുഖത്തും ചാനലിലും ചിതറി കിടക്കുന്ന കല്ലുകൾ ക്രെയിൻ ഉപയോഗിച്ച് നീക്കം ചെയ്ത് തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ